# രണ്ടാം റയ്സിന സംഭാഷണം , ന്യൂഡെല്ഹി (ജനുവരി 17-19, 2017)

ജനുവരി 14, 2017

കേന്ദ്ര വിദേശകാര്യ മന്ത്രാലയം , ഒബ്സെർവ് റിസർച്ച് ഫൌണ്ടേഷനുമായി ഒരുമിച്ച് സംഘടിപ്പിക്കുന്ന രണ്ടാം രണ്ടാം റയ്സിന സംഭാഷണം ന്യൂഡെൽഹിയില് 17-19 , 2017 ല് നടക്കും . മാർച്ച് 2016 നു സംഘടിപ്പിച്ച പ്രഥമ റയ്സിന സംഭാഷണം വിജയകരമായിരുന്നു . ന്യൂഡെൽഹിയിലെ, ടാജ് പാലസ് , ചാണക്യപുരിയാണ് വേദി .

ഈ വർഷത്തെ സംഭാഷണത്തിന്റെ ആശയം '' ദി ന്യൂ നോർമല്: മൾട്ടി ലാറ്ററലിസം വിത്ത് മൾട്ടി പൊളാരിറ്റി ''. സംഭാഷണം ഇന്ത്യയുടെ വാർഷിക പ്രധാന ഭൂ -രാഷ്ട്രീയ സമ്മേളനം ആണ് , അന്താരാഷ്ട്ര കലണ്ടറില് ഏവരും കാത്തിരിക്കുന്ന ആഗോള സമ്മേളനം ആയി ചുരുങ്ങിയ സമയം കൊണ്ടാണിത് മാറിയത് .

സംഭാഷണ ഉദ്ഘാടനച്ചടങ്ങില് ഉദ്ഘാടനസമിതി കാണും, അതില് ശ്രീ എം ജെ അക്ബര് , കേന്ദ്ര വിദേശകാര്യ സഹമന്ത്രി , ശ്രീ പ്രകാശ് ശരണ് മഹത് , നേപ്പാള് വിദേശകാര്യമന്ത്രി , അഫ്ഗാനിസ്ഥാനിലെ മുന് പ്രസിഡണ്ട് ശ്രീ ഹമീദ് കർസായ് , ശ്രീ കെവിന് റഡ് , ആസ്ട്രേലിയയുടെ മുന് പ്രധാന മന്ത്രി , ശ്രീ ഗോഹര് റിസ്വി, ബംഗ്ലാദേശ് പ്രധാനമന്ത്രിയുടെ അന്താരാഷ്ട്രകാര്യ ഉപദേഷ്ടാവ് എന്നിവര് പങ്കെടുക്കും

ഉദ്ഘാടനപാനലിന് മുൻപാകെ ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറല് ശ്രീ അന്റോണിയോ ഗുട്ടേഴ്സിന്റെ വീഡിയോ സന്ദേശം കാണിക്കും

സംഭാഷണത്തോട് അനുബന്ധിച്ച് 18-19, 207 ല് നിരവധി മന്ത്രിതല - പ്രധാന പ്രഭാഷണങ്ങള് ആസൂത്രണം ചെയ്തിട്ടുണ്ട്
വിദേശകാര്യ സെക്രട്ടറി ഡോ. എസ് ജയശങ്കര് നല്കും ആശയ പ്രഭാഷണം. സംഭാഷണത്തില് സംസാരിക്കുന്ന വിദേശ വിശിഷ്ടവ്യക്തികള് ശ്രേ ബോറിസ് ജോൺസണ്, യു,കെ സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോര് ഫോറിന് ആൻഡ് കോമൺവെൽത്ത് അഫയേഴ്സ് , ഫീല്ഡ് മാർഷല് ശരത് ഫോൺസെക , മേഖലാ വികസന മന്ത്രി , ശ്രീലങ്ക, ശ്രീ സ്റ്റീഫന് ഹാർപ്പര്, കാനഡയിലെ മുന് പ്രധാനമന്ത്രി, ശ്രീ ജാകിസ് ഓഡിബെർട്ട്, ഫ്രാൻസ് പ്രസിഡണ്ടിന്റെ നയതന്ത്ര ഉപദേഷ്ടാവ് , ശ്രീ ഷുൻസുകെ തകേ, ജപ്പാന് വിദേശകാര്യ പാർലമെന്ററി വൈസ് മിനിസ്റ്റർ

, അഡ്മിറല് ഹാരി ബി ഹാരിസ്  ജൂനിയര്, കമാണ്ടര് , പസിഫിക് കമാണ്ട് ആൻഡ് അഡ്മിറല് മിഷേല് ഹോവാർഡ് , കമാണ്ടര്, യു നെസ് നേവാള് ഫോഴ്സസ് , യൂറോപ്പ് , ആഫ്രിക്ക എന്നിവര് ഉൾപ്പെടും

ഇന്ത്യന് കൌൺസില് ഓഫ് മിനിസ്റ്റേഴ്സിലെ മുതിർന്ന മന്ത്രിമാര് സദസ്സിനെ അഭിസംബോധന ചെയ്യുകയും സംഭാഷണത്തില് പങ്കെടുക്കുന്നവരുമായി ചർച്ചകള് നടത്തുകയും ചെയ്യും

സമാപന സമ്മേളനത്തില് കേന്ദ്ര വിദേശ കാര്യ സഹമന്ത്രി ശ്രീ എം ജെ അക്ബറും അഫ്ഗാനിസ്ഥാന് മുന് പ്രസിഡണ്ട് ശ്രീ ഹമീദ് കർസായിയും തമ്മിലുള്ള സംഭാഷണം ചടങ്ങിലെ പ്രധാനപ്പെട്ട ഒന്നാണ് .

ലോകമെമ്പാടു നിന്നും വളരെ താത്പര്യപൂർവമാണ് രണ്ടാം സംഭാഷണത്തെ നോക്കിക്കാണുന്നത് അതേ സമയം , ഒന്നാം സംഭാഷണത്തില് 40 രാജ്യങ്ങളും,  വിദേശത്തു നിന്നും 120 പേരും പങ്കെടുത്തിരുന്നു , രണ്ടാം സമ്മേളനത്തില് 65 രാജ്യങ്ങളും വിദേശത്തു നിന്നും 250 പേരും പങ്കെടുക്കുമെന്നും പ്രതീക്ഷിക്കുന്നു . , സമകാലവർത്തിയായ ചിലതുൾപ്പെടെ, ഉപ ആശയങ്ങളുടെ വലിയ ശ്രേണി സംഘടിപ്പിച്ചതില് രാഷ്ട്രീയ നേതാക്കള്, നയതന്ത്രജ്ഞര് , മുതിർന്ന ജനറൽമാര് , അഡ്മിറൽസ്, തന്ത്രപ്രധാന വിദഗ്ധര് , ചിന്തകര് ഉൾപ്പെടെ ഇവരില് പലരും പങ്കെടുക്കുന്നുണ്ട്.

ന്യൂഡെൽഹി
ജനുവരി  14, 2017